# മരത്തിനു സ്തുതി

സുഗതകുമാരി

അവലംബം : വനപർവ്വം



തണുത്ത പൂന്തണൽ വീശി
പ്പടർന്നു ചൂഴ്ന്നു നിൽക്കുന്ന
മരത്തിന്റെ തിരുമുടി
ക്കിത തൊഴുന്നേൻ
നീലകണ്ഠസ്വാമിയെപ്പോൽ
വിഷം താനേ ഭുജിച്ചിട്ടു
പ്രാണവായു തരുന്നോനാ-
യിത തൊഴുന്നേൻ
കനിഞ്ഞു പൂക്കളും തേനും
കനിയും നീട്ടിനിൽക്കും നിൻ
നിറഞ്ഞ തൃക്കരങ്ങൾക്കാ-
യിത തൊഴുന്നേൻ
മഴയായി, ക്കുളിരായി,
പശിയാറ്റും പഴമായി-
ത്തുയിരിന്നു മരുന്നായി,
പ്പണിക്കരുത്തായ്
കുഞ്ഞിക്കയ്യിൽ കളിപ്പാട്ട
ച്ചിരിയായി, വാർദ്ധകത്തിൻ
ഖിന്നതയ്ക്കു താങ്ങിനിൽക്കാ-
നൂന്നുകമ്പായി
കുരുന്നു തൊട്ടിലായ്, മണി
മഞ്ചമായ്, ശാന്തമായ് ഞങ്ങൾ-
ക്കുറങ്ങുവാനൊടുക്കത്തെ-
ക്കനൽ വിരിപ്പായ്
ഒരിക്കലും പിരിയാത്ത
കൂട്ടുകാരനായി ഞങ്ങൾ-
ക്കനർഘകാരുണ്യവർഷം
ചൊരിയുവോനേ,
വിരിഞ്ഞ മാറിലായ് ഞങ്ങൾ
തറയ്ക്കുന്ന മഴുപ്പാടു-
മണിഞ്ഞു നിൽക്കുമാ നീർന്ന
നില തൊഴുന്നേൻ.
മലവെള്ളക്കുത്തിലമ്മ
യിടിഞ്ഞൊലിച്ചലിയാതെ
പിടിച്ചു നിർത്തിയും മണ്ണി
ലുയിർ നിറച്ചും

തീകെടാത്ത മാതൃഹൃത്തിൽ
അംബരത്തിൻ സുധാവർഷ
ധാരയൂറി നിറപ്പിച്ചു
കരുതിവെച്ചും
അമ്മയെക്കാത്തരുളുമാ
ത്തൃപ്പാദങ്ങൾ തൊട്ടു വീണ്ടും
കണ്ണിൽവെച്ചു കണ്ണുനീരോ-
ടിത തൊഴുന്നേൻ.
വെട്ടിവെട്ടി വിറ്റൊടുക്കി-
ക്കറുത്ത മഞ്ഞലോഹത്തിൻ
തുട്ടുകളാക്കിലും കൃപാ
ധാര പെയ്‌വോനേ,
കാറ്റിനെ, സൂര്യനെ, വർഷ
വാരിയെ ചൊല്പടിക്കാക്കി-
ക്കാത്തുനിൽക്കും നിനക്കായി-
ട്ടിത തൊഴുന്നേൻ.
അടിവേരു തൊട്ടു മുടി-
യിലവരെ, നന്ദികെട്ടോ-
രടിയങ്ങൾക്കവിടുന്നു
തന്നുപോറ്റുമ്പോൾ
പകരം നൽകുവതെന്തേ?
മഴുവും തീയുമല്ലാതെ!
അവിടുന്നു സമസ്തവും
പൊറുക്കുമല്ലോ
എങ്കിലും ഹാ, പൊറുക്കുമോ
പ്രകൃത്യംബ, അഗ്നിപാറും
കൺകളാലെങ്ങളെ നോക്കും
നോട്ടമെന്നാമോ?

* * *

തണുത്ത പൂന്തണൽ വീശി
പ്പടർന്നു ചൂഴ്ന്നു നില്ക്കുന്ന
മരത്തിന്റെ തിരുമുടി-
ക്കിത തൊഴുന്നേൻ
അമ്മയെക്കാത്തരുളുമ-
ത്തൃപ്പാദങ്ങൾ തൊട്ടുവീണ്ടും
കണ്ണിൽവെച്ചു കണ്ണുനീരോ-
ടിത തൊഴുന്നേൻ